"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇടുക്കി ജില്ല - വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് - കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിനു തുക ചെലവഴിച്ചതിനു - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.1021/2023/LSGD തീയതി,തിരുവനന്തപുരം, 11-05-2023

---

പരാമർശം:-

1. സ.ഉ.(സാധാ) നം.494/2020/തസ്വഭവ തീയതി 27/02/2020
2. വണ്ണപ്പുറം പഞ്ചായത്ത് ഭരണസമിതിയുടെ 02.02.2021 തീയ്യതിയിലെ 31/1 നമ്പർ തീരുമാനം
3. പഞ്ചായത്ത് ഡയറക്ടറുടെ 11/12/2022 തീയതിയിലെ PAN/12515/2021/J4 (DP) നമ്പർ കത്ത്

**ഉത്തരവ്**

2020-21 സാമ്പത്തികവർഷത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനു ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും തുക ചെലവഴിക്കുന്നതിനു യഥേഷ്ടനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച മേൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം 31/03/2020 വരെ ചെലവഴിക്കാവുന്ന തുക 5.50 ലക്ഷമായും 01/04/2020 മുതൽ 31/05/2020 വരെ ചെലവഴിക്കാവുന്ന തുക 11 ലക്ഷമായും നിജപ്പെടുത്തിയിരുന്നു .

2. ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗാമപഞ്ചായത്തിൽ 01/04/2020 മുതൽ 31/05/20 വരെ 12,79,025/- രൂപയുടെ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതിനാൽ കരാറുകാരന് ഇനിയും നൽകേണ്ട 3,31,650/- രൂപ അനുവദിക്കുന്നതിനുള്ള വണ്ണപ്പുറം ഗ്രാമപഞ്ചായത് സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായി 11 ലക്ഷം രൂപ തനത് ഫണ്ടിൽ വകയിരുത്തി 2020-21 വർഷം പദ്ധതി (പ്രോജക്റ്റ് നം.SO 402/21) ഏറ്റെടുത്തിട്ടുള്ളതും ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ് എന്നും, എന്നാൽ പ്രോജക്റ്റ് തുകയായ 11 ലക്ഷം രൂപ നിലനിൽക്കെ സർക്കാർ ഉത്തരവ് പ്രകാരമുള്ള കാലയളവിൽ 4,90,000/- രൂപയുടെ രണ്ട് ടെണ്ടർ ക്ഷണിക്കുകയും 11 ലക്ഷം രൂപയിൽ അധികരിച്ച് കുടിവെള്ള വിതരണം ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത് എന്നും 11 ലക്ഷം രൂപയുടെ പദ്ധതി ഉണ്ടായിരുന്നിട്ടും 4,90,000/- രൂപയുടെ രണ്ട്

ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമല്ലാത്തതും ഫൈനൽ ബിൽ വന്നപ്പോൾ മാത്രമാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക അധികരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതെന്നും ആയതിനാൽ മുൻകൂർ അനുമതി തേടിയിരുന്നില്ല എന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രോജക്ട് അടങ്കൽ തുകയും സർക്കാർ ഉത്തരവിനും അനുസൃതമായി 11 ലക്ഷം രൂപ വരെ ചെലവു ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1-ലെ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകിയിരുന്ന കാലയളവിൽ ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന തുകയായ 11 ലക്ഷം രൂപയിൽ അധികരിച്ചു ചെലവ് ചെയ്ത 1,79,025/-രൂപ ചെലവഴിച്ചതിനു ഉപോൽബലകമായി വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന കാരണങ്ങൾ പരിഗണനാർഹമല്ലാത്തതിനാൽ പ്രോജക്ട് അടങ്കൽ തുകയും സർക്കാർ ഉത്തരവിനും അനുസൃതമായി 11 ലക്ഷം രൂപ വരെ ചെലവു ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് , ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2/എ&ഇ) കേരള
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Madhusoodhanan V
Date: 12-05-2023 10:46:27
സെക്ഷൻ ഓഫീസർ